ഇന്ത്യ ഇദംപ്രഥമമായി മറ്റൊരു രാജ്യത്തിന്റെ ഉപാംഗമായിത്തീരുന്നു

ജവഹർലാൽ നെഹ്രു

(വിവ. സി. എച്ച്. കുഞ്ഞപ്പ)



ഇന്ത്യ ഇദംപ്രഥമമായി മറ്റൊരു രാജ്യത്തിന്റെ ഉപാംഗമായിത്തീരുന്നു

ജവഹർലാൽ നെഹ്രു

(വിവ. സി. എച്ച്. കുഞ്ഞപ്പ)
(മലയാളം: വിവർത്തനം)

© 2026, C H Kunhappa

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Cover: Jawaharlal Nehru in the Netherlands, 1957, a phototgraph by Harry Pot. The image is taken from Wikimedia Commons and is gratefully acknowledged.

Sayahna Foundation
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

ഇന്ത്യ ഇദംപ്രഥമമായി മറ്റൊരു രാജ്യത്തിന്റെ ഉപാംഗമായിത്തീരുന്നു

ഇന്ത്യയിൽ ബ്രിട്ടീഷ് ഭരണത്തിന്റെ സംസ്ഥാപനം അവൾക്കു തികച്ചും പുത്തനായ ഒരനുഭവവിശേഷമായിരുന്നു... മറ്റേതൊരു ആക്രമണത്തോടോ, രാഷ്ട്രീയമോ സാമ്പത്തികമോ ആയ മാറ്റത്തോടോ താരതമ്യപ്പെടുത്തിക്കൂടാത്ത ഒന്ന്. "ഇന്ത്യ മുമ്പും കീഴടക്കപ്പെട്ടിട്ടുണ്ട്. പക്ഷേ, അത് അവളുടെ അതിർത്തിക്കുള്ളിൽ പാർക്കുകയും തങ്ങളെത്തന്നെ അവളുടെ ജീവിതത്തിന്റെ ഒരംശമാക്കിത്തീർക്കുകയും ചെയ്തിട്ടുള്ളവരാണ്." (ഇംഗ്ലണ്ടിൽ നോർമൻമാരെയും ചീനയിൽ മഞ്ചുകളെയും പോലെ) "അവൾക്ക് ഒരിക്കലും തന്റെ സ്വാതന്ത്ര്യം നഷ്ടപ്പെട്ടിട്ടില്ല, ഒരിക്കലും അടിമയാക്കപ്പെട്ടിട്ടില്ല. എന്നുവെച്ചാൽ, അവൾ ഒരിക്കലും സ്വന്തം അതിർത്തിക്കപ്പുറത്തൊരു സ്ഥാനം ഗരിമകേന്ദ്രമാക്കിക്കൊണ്ടുള്ള രാഷ്ട്രീയവും സാമ്പത്തികവുമായ ഒരു വ്യവസ്ഥയിൽ വലിച്ചുചേർക്കപ്പെട്ടിട്ടില്ല. ഒരിക്കലും ഉത്ഭവത്തിലും സ്വഭാവത്തിലും സ്ഥിരമായ അന്യത്വം പൂലർത്തിപ്പോന്ന ഒരു ഭരണാധികാരികക്ഷ്യക്കു കീഴ്പെടേണ്ടി വന്നിട്ടില്ല."[1] മുമ്പുണ്ടായിരുന്ന ഏതു ഭരണാധികാരികക്ഷ്യയും ആരംഭത്തിൽ അതു പുറമെ നിന്നു വന്നതായാലും ശരി ഇവിടെത്തന്നെ ഉണ്ടായതായാലും ശരി, ഇന്ത്യയുടെ സാമൂഹ്യികവും സാമ്പത്തികവുമായ ജീവിതത്തിന്റെ ഘടനയിലുള്ള ഐക്യത്തെ അംഗീകരിക്കുകയും അതിൽ ഇണങ്ങിനിൽക്കാൻ ശ്രമിക്കുകയും ചെയ്തിട്ടുണ്ട്. അത് ഭാരതീയീകൃതമായി ഈ നാട്ടിലെ മണ്ണിൽ വേരൂന്നിയിരിക്കും. പുതിയ ഭരണാധികാരികൾ കേവലം വ്യത്യസ്തരാണ്. അവരുടെ അടിസ്ഥാനം മറ്റെവിടെയോ ആകുന്നു; അവർക്കും സാമാന്യനായ ഒരിന്ത്യക്കാരനും തമ്മിൽ വിശാലവും നികത്താൻ വയ്യാത്തതുമായ ഒരു വിടവുണ്ട്—പാരമ്പര്യത്തിലും വീക്ഷാഗതിയിലും, ആർജ്ജനത്തിലും ജീവിതരീതികളിലുമുള്ള വ്യത്യാസം. ആദ്യകാലത്ത് ഇന്ത്യയിൽ വന്ന ബ്രിട്ടീഷുകാർ, ഇംഗ്ലണ്ടിൽ നിന്നു ഏറെക്കറെ ബന്ധമറ്റുപോകയാൽ ഇന്ത്യൻ ജീവിതരീതികൾ പലതും സ്വീകരിച്ചു. പക്ഷേ, ഇത് ഉപരിപ്ലവമായ ഒരു ഉപക്രമമാണ്. ഇന്ത്യയും ഇംഗ്ലണ്ടും തമ്മിലുള്ള ഗതാഗത സൗകര്യങ്ങൾ ഭേദപ്പെട്ടുവന്നതോടുകൂടി അതുപോലും കരുതിക്കൂട്ടി ഉപേക്ഷിക്കപ്പെട്ടു. ബ്രിട്ടീഷ് ഭരണാധികാരികക്ഷ്യ ഇന്ത്യക്കാരിൽ നിന്നകന്നു ഒറ്റപ്പെട്ടു വേറെ തന്നെ നില്ക്കണം. തങ്ങളുടെ സ്വന്തമായ ഒരു സമുന്നത ലോകത്തിൽ ജീവിക്കണം—അങ്ങനെ അതിന്റെ അന്തസ്സ് പാലിക്കണം എന്നൊരു ബോധമാണുണ്ടായിരുന്നത്. രണ്ടു ലോകങ്ങളാണ് ഉണ്ടായിരുന്നത്. ബ്രിട്ടീഷുദ്യോഗസ്ഥന്മാരുടെ ലോകവും ഇന്ത്യയിലെ കോടാനുകോടി ജനങ്ങളുടെ ലോകവും. പരസ്പരം സാമാന്യമായുള്ള വെറുപ്പല്ലാതെ അവർക്ക് തമ്മിൽ പൊതുവായ യാതൊന്നുമില്ല. മുമ്പൊക്കെ വംശങ്ങൾ അന്യോന്യം ലയിച്ചു ചേർന്നിരുന്നു. അഥവാ സ്വഭാവേന പരസ്പരാശ്രിതമായ ഒരു ഘടനയിൽ ഒതുങ്ങിക്കഴിയുകയെങ്കിലും ചെയ്തിരുന്നു. വംശീയത്വം അംഗീകരിക്കപ്പെട്ട ഒരു വിശ്വാസപ്രമാണമായിത്തീർന്നു; ആധിപത്യമാളുന്ന വംശത്തിന്റെ രാഷ്ട്രീയവും സാമ്പത്തികവുമായ അധികാരം നിരങ്കശവും തടവറുത്തുമായിരുന്നു എന്ന വസ്തുത അതിനെ കൂടുതൽ ദൃഢതരമാക്കിച്ചെയ്തു.

1. കെ. എസ്. ഷെൽവെങ്കർ: 'ദി പ്രോബ്ലം ഓഫ് ഇന്ത്യ' (പെൻഗ്വിൻ സ്പെഷൽ, ലണ്ടൻ, 1940).

പുതിയ മുതലാളിത്തം പണിതുവരുന്ന ലോകവിപണി ഏതു നിലയിലും ഇന്ത്യയുടെ സാമ്പത്തിക വ്യവസ്ഥയെ ബാധിക്കുമായിരുന്നു. പരമ്പരാപ്രാപ്തമായ തൊഴിൽ വിഭജനക്രമം തകർന്നു. ഒറ്റതിരിഞ്ഞു നിൽക്കുന്ന നിരവധി വ്യക്തികളെ യാതൊരു സാമൂഹ്യപ്രവർത്തനത്തിലും എളുപ്പം കൊള്ളിക്കാവുന്നതല്ല. അതിലും വലിയൊരു ഇടിയാണ് ഭൂവുടമസ്ഥതയുടെ സങ്കല്പത്തെ പാടെ മാറ്റിക്കളഞ്ഞ ജന്മിവ്യവസ്ഥയുടെ അവതരണം കൊണ്ടുണ്ടായത്. ആ പൂർവസങ്കൽപം സാമൂഹ്യമായ ഉടമസ്ഥതയെന്ന സങ്കല്പമാണ്. അതും ഭൂമിയുടെ ഉടമസ്ഥതയേക്കാൾ ഭൂമിയിലെ വിളയുടെ ഉടമസ്ഥത. ഒരു പക്ഷേ, ഇതു തികച്ചും മനസ്സിലാക്കാതെയാവാം—പക്ഷേ, തങ്ങളുടെ സ്വന്തമായ ചില കാരണങ്ങളെ മുൻനിറുത്തി കരുതിക്കൂട്ടി സ്വീകരിച്ച ഒരു നടപടിയാവാനാണ് അധികം വഴിയുള്ളത്—ഇംഗ്ലീഷു ജന്മികക്ഷ്യയുടെ പ്രാതിനിധ്യം വഹിക്കുന്നവരായ ഒന്ന് ഇവിടെയും അവതരിപ്പിച്ചു. ആദ്യമൊക്കെ അവർ ചുരുങ്ങിയ കാലത്തേയ്ക്കു നികതി പിരിവുകാരെ നിശ്ചയിച്ചു. അവരെ റവന്യൂ അല്ലെങ്കിൽ ഭൂനികതി പിരിച്ചു ഗവർമെണ്ടിലേക്ക് അടയ്ക്കാൻ ചുമതലപ്പെടുത്തി. പിന്നീട് ഈ നികതി പിരിവുകാർ ജന്മികളായി വികസിച്ചു. ഗ്രാമസമുദായത്തിന്നു ഭൂമിയുടേയും അതിലെ വിളയുടേയും മേൽ യാതൊരു നിയന്ത്രണവും ഇല്ലാതാക്കി. ആ സമുദായത്തിന്റെ മുഖ്യതാത്പര്യവും ചുമതലയും യാതൊന്നാണെന്ന് എല്ലാക്കാലത്തും കരുതിപ്പോന്നതോവേ, അതിപ്പോൾ പൂതുതായി സൃഷ്ടിക്കപ്പെട്ട ജന്മിയുടെ സ്വകാര്യസ്വത്തായി. ഇതു സമുദായത്തിലെ കൂട്ടജീവിതവും സാമൂഹ്യ സ്വഭാവവും തകരാൻ ഹേതുവായി; സേവനങ്ങളെയും കർത്തവ്യങ്ങളെയും സംബന്ധിച്ച സഹകരണവ്യവസ്ഥ ക്രമേണ അപ്രത്യക്ഷമാകാനും തുടങ്ങി.

ഭൂമി ഇങ്ങനെ സ്വത്താക്കിത്തീർത്തത് വലിയൊരു സാമ്പത്തിക പരിണാമം മാത്രമായിരുന്നില്ല; അതു കറേക്കൂടി ഉള്ളിലോട്ടു തുളഞ്ഞുചെന്ന സാമൂഹ്യസഹകരണത്തിൽ അധിഷ്ഠിതമായ ഒരു സമുദായസംഘടനയെക്കുറിച്ചുള്ള ഇന്ത്യൻ സങ്കല്പത്തെ മുഴുക്കെ ആഞ്ഞടിച്ചു. ഭൂവുടമകൾ എന്ന ഒരു പുതിയ കക്ഷ്യ പ്രത്യക്ഷമായി; അതു ബ്രിട്ടീഷ് ഗവർമേണ്ട് സൃഷ്ടിച്ചതും തന്നിമിത്തം അതിനോട് അഭേദേന വർത്തിക്കുന്നതുമായ ഒരു കക്ഷ്യയാണ്. പഴയ സമ്പ്രദായത്തിന്റെ തകർച്ചപൂർത്തി പ്രശ്നങ്ങളെ സൃഷ്ടിച്ചു. ഒരു പക്ഷേ, പുതിയ ഹിന്ദു-മുസ്ലിം പ്രശ്നത്തിന്റെ ഉറവിടം അവിടമാണെന്നു കണ്ടെത്താം. ജന്മിവ്യവസ്ഥ ആദ്യമായി ഏർപ്പെടുത്തിയത് ബെങ്കാളിലും ബിഹാറിലുമാണ്. അവിടെ സ്ഥിരം സെറ്റിൽമെന്റ് എന്ന വിളിക്കുന്ന വ്യവസ്ഥയനുസരിച്ച് വലിയ ഭൂവുടമകളെ സൃഷ്ടിച്ചുവെച്ചു. നിലനികതി വർദ്ധിപ്പിക്കാൻ വയ്യാത്ത വിധം സ്ഥിരപ്പെടുത്തിക്കളയുന്നതിനാൽ, ഇതു ഗവർമേണ്ടിന ഗുണകരമാവില്ലെന്നു പിന്നീടു മനസ്സിലായി. അതുകൊണ്ട് ഇന്ത്യയുടെ ശേഷം ഭാഗങ്ങളിൽ പൂതുതായി സെറ്റിൽമെന്റ് ഏർപ്പെടുത്തിയത് ഒരു ക്ലിപ്തകാലത്തേക്കു മാത്രമായി, നികതി ഇടയ്ക്കിടെ വർദ്ധിപ്പിക്കുകയും ചെയ്തു. ചില ഭാഗങ്ങളിൽ ഒരുതരം കർഷക ഭൂവുടമ ഏർപ്പെടുത്തി. നികതി പിരിവിൽ, വിശേഷിച്ചു ബെങ്കാളിൽ, കാണിക്കപ്പെട്ട കനത്ത കാഠിന്യം മുമ്പേത്തെ നിലമുടമകളുടെ നാശത്തിൽ പര്യവസാനിച്ചു. അവരുടെ സ്ഥാനം പണക്കാരും വ്യാപാരികളുമായ പുതിയകക്ഷ്യകൾ ഏറ്റെടുത്തു. അങ്ങനെ ബെങ്കാൾ ഏറിയ ഊറം ഹിന്ദു ജന്മികളുടെ ഒരു സംസ്ഥാനമായി. അവരുടെ കടിയാന്മാരാകട്ടേ, ഹിന്ദുക്കളും മുസ്ലിംകളും രണ്ടു കൂട്ടരുമുണ്ടെങ്കിലും, മുഖ്യമായി മുസ്ലിംകളായിരുന്നു.

ബ്രിട്ടീഷുകാർ ഇവിടെ തങ്ങളുടെ ഇംഗ്ലീഷ് മാതൃകയിൽ വലിയ ജന്മിമാരെ സൃഷ്ടിച്ചതിനു മുഖ്യകാരണം, ഒരു വമ്പിച്ച കർഷകാവലിയോടിടപെടുകയേക്കാൾ അല്പം ചില വ്യക്തികളോട് ഇടപെടുക എളുപ്പമായതാണ്. കഴിയുന്നത്ര പണം നികതിയായി ഏറ്റവും വേഗം പിരിച്ചെടുക്കുകയാണ് ഉദ്ദേശ്യം. ഒരു ഭൂവുടമ നിശ്ചിതസമയം തെറ്റിച്ചാൽ അയാളെ ഉടനെത്തന്നെ പിടിച്ചു പുറത്തേയ്ക്കു തള്ളം. മറ്റൊരാൾ അയാളുടെ സ്ഥാനത്തുവരും. ബ്രിട്ടീഷുകാരുടേതിൽ നിന്നു ഭിന്നമല്ലാത്ത താത്പര്യങ്ങളോടുകൂടിയ ഒരു കക്ഷ്യയെ സൃഷ്ടിക്കുന്നതും ആവശ്യമായി കരുതിപ്പോന്നു. ഇന്ത്യയിലെ ബ്രിട്ടീഷുദ്യോഗസ്ഥന്മാരുടെ മനസ്സിൽ ജനസംക്ഷോഭത്തെക്കുറിച്ച് എപ്പോഴും പേടിനിറഞ്ഞാണിരുന്നത്. അവർ അതിനെക്കുറിച്ച് കൂടെക്കൂടെ തങ്ങളുടെ എഴുത്തുകളിൽ പ്രസ്താവിച്ചിരുന്നു. 1829-ൽ ഗവർണർജനറൽ വില്യം ബെന്റിക് പ്രഭു പറയുകയുണ്ടായി: "വ്യാപകമായ ജനകീയ പ്രക്ഷോഭത്തിന്നോ വിപ്ലവത്തിന്നോ എതിരായി രക്ഷയുണ്ടാവുകയാണ് വേണ്ടതെന്നിരിക്കട്ടെ. എന്നാൽ, സ്ഥിരം സെറ്റിൽമെന്റിൽ നിന്നു", മറ്റു പല സംഗതികളിലും അതൊരുപരാജയമാണെന്നിരുന്നാലും, ഈയൊരു വലിയ മെച്ചമുണ്ടെന്നു പറയേണ്ടിയിരിക്കുന്നു—അതു സാമാന്യജനത്തിന്റെ മേൽ പൂർണമായ അധികാരമാളുന്നവരും ബ്രിട്ടീഷാധിപത്യം തുടർന്നു പോരുന്നതിൽ അഗാധമായ താല്പര്യമുള്ളവരുമായ വലിയൊരു സംഘം സമ്പന്നരായ ഭൂമിയുടമസ്ഥന്മാരെ സൃഷ്ടിച്ചിട്ടുണ്ട്.

അങ്ങനെ ബ്രിട്ടീഷുഭരണം നിലയുറപ്പിച്ചത്. പുതിയ കക്ഷ്യകളെയും നിക്ഷിപ്ത താത്പര്യങ്ങളേയും സൃഷ്ടിച്ചിട്ടാണ്. അവ ആ ഭരണത്തോടു കെട്ടുപിണഞ്ഞു കിടക്കുന്നവയും, അവയുടെ വിശേഷാവകാശങ്ങൾ അതിന്റെ നിലനില്പിനെ ആശ്രയിച്ചിരിക്കുന്നവയുമാണതാനും. ഇള്ളടത്തിൽപ്പെട്ടവരായി ജന്മികളും നാട്ടുരാജാക്കന്മാരുമുണ്ട്; നാനാ ഗവർമേണ്ടു ഡിപ്പാർട്ടുമെന്റുകളിലായി, ഗ്രാമാധികാരിയായ പട്വാരി മുതൽ മേല്പോട്ടു ധാരാളം കീഴുദ്യോഗസ്ഥന്മാരുണ്ട്. ഗവർമെണ്ടിന്റെ അവശ്യം വേണ്ട രണ്ടു ശാഖകൾ റവന്യൂ വ്യവസ്ഥയും പോലീസുമാകുന്നു. ഈ രണ്ടിന്റെയും തലവനായി ഓരോ ജില്ലയിലുമുണ്ട് കലക്ടർ അഥവാ ഡിസ്ട്രിക്ട് മജിസ്ട്രേട്ട്. അയാളാണ് ഭരണത്തിന്റെ ചിർപ്പാണി. തന്റെ ജില്ലയിൽ അയാൾ ഏകശാസനനായി വാണു. നിർവാഹകം, നിതിന്യായം, റവന്യൂ, പോലീസ്—എല്ലാജോലികളും അയാൾ തന്നിൽ ഒന്നിച്ചിണക്കിനിർത്തുന്നു. തന്റെ നിയന്ത്രണത്തിലുള്ള പ്രദേശത്തിനെ തൊട്ടു വല്ല ചെറിയ ഇന്ത്യൻ നാട്ടുരാജ്യങ്ങളുമുണ്ടെങ്കിൽ അയാൾ അവിടങ്ങളിലെ ബ്രിട്ടീഷ് ഏജന്റുമായിരിക്കും.

ഈ മാർഗങ്ങൾക്കൊക്കെ പുറമെ ബ്രിട്ടീഷു ഭരണകാലത്ത് ആദ്യന്തം കരുതിക്കൂട്ടി തുടർന്നുപോന്ന ഒരു നയമുണ്ട്; ഇന്ത്യക്കാരുടെ ഇടയിൽ വേർതിരിവുകളുണ്ടാക്കുക, ഒരു വിഭാഗത്തെ ദോഷപ്പെടുത്തിക്കൊണ്ടു മറ്റൊന്നിനെ പ്രോത്സാഹിപ്പിക്കുക, അവരുടെ ഭരണത്തിന്റെ ആദ്യകാലങ്ങളിൽ ഈ നയം തുറന്ന സമ്മതിക്കപ്പെട്ടിട്ടുണ്ട്. ഒരു സാമ്രാജ്യശക്തിക്ക് അത് സ്വാഭാവികമായ ഒരു നയവുമാണല്ലോ. ദേശീയപ്രസ്ഥാനത്തിന്റെ വളർച്ചയോടുകൂടി ആ നയം കൂടുതൽ സൂക്ഷ്മവും ആപത്കരവുമായ ആകൃതികൾ കൈക്കൊണ്ടു, നിഷേധിക്കപ്പെട്ടുവെങ്കിലും പൂർവാധികം ദൃഢതരമായി പ്രവർത്തിച്ചുപോന്നു.

ഇന്നത്തെ നമ്മുടെ മുഖ്യപ്രശ്നങ്ങൾ ഏതാണ്ട് എല്ലാം തന്നെ ബ്രിട്ടീഷു ഭരണ കാലത്തിലും ബ്രിട്ടീഷ്നയത്തിന്റെ നേരിട്ടുള്ള ഫലമായും വളർന്നുവന്നിട്ടുള്ളവയാകുന്നു: നാട്ടുരാജാക്കന്മാർ; ന്യൂനപക്ഷപ്രശ്നം; വൈദേശികവും ഭാരതീയവുമായ നാനാതരം നിക്ഷിപ്ത താത്പര്യങ്ങൾ; വ്യവസായക്കുറവും കൃഷിയിൽ അശ്രദ്ധയും സാമുദായിക സേവനങ്ങളിൽ അത്യന്തം പുറകോട്ടനില്ക്കുന്ന അവസ്ഥ; സർവോപരി ജനങ്ങളുടെ അത്യന്തം ദുഃഖകരമായ ദാരിദ്ര്യം. വിദ്യാഭ്യാസത്തിന്റെ നേർക്കുള്ള ഭാവം അർത്ഥഗർഭമായിരിക്കുന്നു. കേയിയുടെ 'ലൈഫ് ഓഫ് മെറ്റ്കാഫി'ൽ ഇങ്ങനെ പ്രസ്താവിക്കുന്നു. "വിജ്ഞാനത്തിന്റെ സ്വതന്ത്രമായ വ്യാപനത്തെക്കുറിച്ചുള്ള ഈ പേടി ഒരു മാറാരോഗമായി... ഗവർമെണ്ടു ഭൂമിക്കുള്ള നിരന്തരം പീഡിപ്പിച്ചു. അവർ അകാരണ വ്യാകുലതയിലുണ്ടാകാവുന്ന നാനാതരം പകൽക്കിനാവുകളും പേക്കിനാവുകളും കാണാൻ തുടങ്ങി. അച്ചട്ടത്തിൽ അച്ചടി യന്ത്രത്തെയും ബൈബിളിനേയും സംബന്ധിച്ച കാഴ്ചകൾ കണ്ടുപേടിച്ച് അവരുടെ ദേഹം ചുളങ്ങിപ്പോകും. ഭയചകിതരായി അവരുടെ രോമങ്ങൾ എഴുന്നു നിൽക്കും. ഇന്ത്യയിലെ നാട്ടുകാരെ പ്രാകൃതത്വത്തിന്റെയും തമസ്സിന്റെയും ഏറ്റവും അഗാധതലങ്ങളിൽ വെച്ചുകൊണ്ടിരിക്കുക എന്നതായിരുന്നു അക്കാലങ്ങളിൽ നമ്മുടെ നയം. ജനങ്ങളുടെ ഇടയിൽ—നമ്മുടെ ഭരണാധികാരത്തിൻ കീഴിലുള്ളവരായാലും ശരി, സ്വതന്ത്രരാഷ്ട്രങ്ങളിലെ ജനങ്ങളായാലും ശരി—അറിവിന്റെ വെളിച്ചം പരക്കാനുള്ള ഏതുദ്യമത്തെയും നാം അതികഠിനമായി എതിർക്കുകയും വെറുക്കുകയും ചെയ്തു."[2]

2. തോംപ്സൺ ഉദ്ധരിച്ചത്.

സാമ്രാജ്യത്വം ഈ നിലയ്ക്കു വേണം പ്രവർത്തിക്കുക. അല്ലെങ്കിൽ അതു സാമ്രാജ്യത്വമല്ലാതാവും. ആധുനികരീതിയിലുള്ള ധനകാര്യ-സാമ്രാജ്യത്വം, പണ്ടൊന്നും അറിയാത്ത മട്ടിലുള്ള പുത്തൻ സാമ്പത്തിക ചൂഷണവിധങ്ങൾ ഉണ്ടാക്കിത്തീർത്തു. ഇന്ത്യയിലെ ബ്രിട്ടീഷ് ഭരണത്തിന്റെ പരത്താനാവതാം ന്യൂറ്റാണ്ടിലെ ചരിത്രം ഒരു ഇന്ത്യക്കാരനെ അവശ്യം വേദനിപ്പിക്കുകയും കോപിപ്പിക്കുകയും ചെയ്യും. എങ്കിലും അതു പല രംഗങ്ങളിൽ ബ്രിട്ടീഷുകാർക്കുള്ള മേന്മയെ ഉദാഹരിക്കുന്നു—അവയിൽ അപ്രധാനമല്ലാത്ത ഒന്നാണ്, നമ്മുടെ അനൈക്യത്തെയും ദൗർബല്യങ്ങളെയും തങ്ങൾക്ക് അനുകൂലമായി ഉപയോഗപ്പെടുത്താനുള്ള അവരുടെ കഴിവ്. കാലത്തിന്റെ ഗതിയിൽ പുറംതള്ളപ്പെട്ടതും ദുർബലവുമായ ഒരു ജനത കഴപ്പുത്തെ ക്ഷണിച്ചുവരുത്തും, ഒട്ടക്കം നോക്കിയാൽ അവർക്കു തങ്ങളെയൊഴിച്ചാരെയും കുറ്റപ്പെടുത്താനമുണ്ടാവില്ല. ആ പരിതഃസ്ഥിതിയിൽ ബ്രിട്ടീഷ് സാമ്രാജ്യത്വത്തെയും അതിന്റെ എല്ലാ ഫലങ്ങളേയും സംഭവങ്ങളുടെ സ്വാഭാവിക ഗതിയനുസരിച്ചു പ്രതീക്ഷിക്കേണ്ടതാണെങ്കിൽ, അപ്പോലെത്തന്നെ അതിന്റെ നേർക്കുള്ള എതിർപ്പിന്റെ വളർച്ചയും രണ്ടും തമ്മിലുള്ള ഒട്ടക്കത്തെ വിഷമസന്ധിയും അനിവാര്യമാകുന്നു.

□

ജവഹർലാൽ നെഹ്റുവിന്റെ Discovery of India എന്ന ഗ്രന്ഥത്തിന്റെ മലയാളവിവർത്തനത്തിൽ നിന്ന് 'ബ്രിട്ടീഷു ഭരണത്തിന്റെ സംയോജനവും ദേശീയപ്രസ്ഥാനത്തിന്റെ ഉദയവും' എന്ന ഏഴാം അദ്ധ്യായത്തിലെ ഒരു ഭാഗം. (ഇന്ത്യയെ കണ്ടെത്തൽ എന്ന സി എച്ച് കുഞ്ഞപ്പയുടെ വിവർത്തനത്തിൽ നിന്ന്) പുസ്തകം പൂർണ്ണരൂപത്തിൽ വൈകാതെ പ്രസിദ്ധീകരിക്കുന്നതാണ്—സായാഹ്ന പ്രവർത്തകർ

സി എച്ച് കുഞ്ഞപ്പ



സി. എച്ച്. കുഞ്ഞപ്പ കണ്ണൂർ ജില്ലയിലെ പെരളശ്ശേരിയിൽ കോവിലകത്ത് കൃഷ്ണൻ തങ്ങളുടെയും ചന്ത്രോത്ത് ലക്ഷ്മിയമ്മയുടെയും മകനായി 1907 ജൂൺ 12-ന് ജനിച്ചു. പെരളശ്ശേരി പ്രൈമറി സ്കൂൾ, തലശ്ശേരി മിഡിൽ സ്കൂൾ, ബ്രണ്ണൻ കോളേജ്, എറണാകുളം മഹാരാജാസ് കോളേജ് എന്നിവിടങ്ങളിൽ പഠിച്ചു. രസതന്ത്രം ഐച്ഛികവിഷയമായി ബി. എ. ബിരുദം നേടി. മൂടാടി ഹരിജൻ സ്കൂളിൽ അദ്ധ്യാപകനായി ജോലിയിൽ പ്രവേശിച്ചു. 1930 ഏപ്രിൽ 1-ന് മാതൃഭൂമി പത്രത്തിൽ ജോലിക്കു ചേർന്നു. വി. ആർ. നായനാർ, സഞ്ജയൻ തുടങ്ങിയവരുമായി അടുത്ത സൗഹൃദം പുലർത്തി. കോൺഗ്രസ്സ് ആശയത്തോട് യോജിച്ചു പ്രവർത്തിച്ചു എങ്കിലും അദ്ദേഹം കോൺഗ്രസ്സ് അംഗത്വം സ്വീകരിച്ചില്ല. പത്രപ്രവർത്തകന്റെ നിഷ്പക്ഷത കാത്തു സൂക്ഷിക്കാൻ പാർട്ടി അംഗത്വം തടസ്സമാവരുത് എന്ന് അദ്ദേഹം ഉറച്ചു വിശ്വസിച്ചു. സ്വാതന്ത്ര്യത്തിനും ഹരിജനോദ്ധാരണത്തിനും വേണ്ടി പ്രവർത്തിച്ച കെ. കേളപ്പന്റെ മരുമകളായ ദേവകിയമ്മയെ 1936-ൽ വിവാഹം കഴിച്ചു. മക്കൾ ലക്ഷ്മി ശാസ്ത്രി, മീര പാലാട്ട്. ജവഹർലാൽ നെഹ്റുവിന്റെ ആത്മകഥയുടെ വിവർത്തനം അദ്ദേഹത്തെ കൂടുതൽ ശ്രദ്ധേയനാക്കി. മാതൃഭൂമിയിൽ നിന്നു വിരമിച്ചതിനു ശേഷമാണ് സ്മരണകൾ മാത്രം എന്ന ആത്മകഥ രചിച്ചത്. 1980 ജൂലൈ 16-ന് അന്തരിച്ചു.

കൃതികൾ: ജവഹർലാൽ നെഹ്റുവിന്റെ ആത്മകഥ, ഇന്ത്യയെ കണ്ടെത്തൽ, വിലയിടിയുന്ന ഉറുപ്പിക, വിഭക്തഭാരതം, പ്രപഞ്ചവും ഐൻസ്റ്റൈനും, നെഹ്റുവിന്റെ ലോകം (തർജ്ജമ) സ്മരണകൾ മാത്രം.

പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണ ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <editors@sayahna.org>.
- പ്രതികരണങ്ങൾ <editors@sayahna.org> എന്ന ഇമെയിലിലേയ്ക്കോ, ഈ വെബ് പേജിൽ കമ്മന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.

സായാഹ്ന ഫൗണ്ടേഷൻ, റിവർ വാലി ക്യാംപസ്, മലയിൻകീഴ്, തിരുവനന്തപുരം, ഇന്ത്യ 695571
URL: <books.sayahna.org>